**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2105** **30-09-2025 - ൽ മറുപടിയ്ക്ക്**

**സാന്ത്വനം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പ്രവാസികൾക്ക് ധനസഹായം ലഭ്യമാക്കുന്ന സാന്ത്വനം പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | സാന്ത്വന പദ്ധതി പ്രകാരം നാട്ടിൽ മടങ്ങിയെത്തിയ പ്രവാസി കേരളീയർക്ക് ചികിത്സാ, മരണാനന്തര, വിവാഹ ധനസഹായം, അംഗപരിമിതർക്കുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ധനസഹായം എന്നിവ ലഭ്യമാകുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു:-<br>• കുറഞ്ഞത് 2 വർഷം വിദേശത്ത് തൊഴിൽ വിസയിൽ ജോലി ചെയ്തിരിക്കണം.<br>• കുടുംബത്തിന്റെ വാർഷിക വരുമാനം ₹1,50,000-ൽ അധികം ആകാൻ പാടില്ല.<br>• വിദേശത്ത് ജോലി ചെയ്ത കാലയളവ് അല്ലെങ്കിൽ നാട്ടിലെത്തിയതിന് ശേഷം 10 വർഷം ഇവയിൽ കുറഞ്ഞത് ഏതാണോ, അതിനുള്ളിൽ അപേക്ഷ സമർപ്പിക്കണം.<br>• അപേക്ഷ സമർപ്പിക്കുന്ന സമയത്ത് അപേക്ഷകന് സാധുതയുള്ള വിസ ഉണ്ടാകാൻ പാടില്ല. |
| (ബി) | പത്ത് വർഷം വിദേശത്ത് ജോലി ചെയ്ത ഒരു പ്രവാസി തിരികെ വന്ന് പത്ത് വർഷം നാട്ടിൽ താമസിച്ച ശേഷം വീണ്ടും വിദേശത്ത് പോകുമ്പോൾ പുതിയ പ്രവാസി എന്ന നിലയിൽ വീണ്ടും കുറഞ്ഞത് രണ്ടുവർഷമെങ്കിലും വിദേശത്ത് നിന്നെങ്കിൽ മാത്രമേ നോർക്ക ആനുകൂല്യങ്ങൾക്ക് പ്രവാസിയായി പരിഗണിക്കുകയുള്ളൂ എന്ന് നിലവിലെ മാനദണ്ഡങ്ങൾ നിഷ്കർഷിക്കുന്നുണ്ടോ; | (ബി) | പത്ത് വർഷം വിദേശത്ത് ജോലി ചെയ്ത ശേഷം നാട്ടിൽ തിരികെയെത്തുന്ന ഒരു പ്രവാസിക്ക് അദ്ദേഹം നാട്ടിലെത്തിയ തീയതി മുതൽ പത്ത് വർഷത്തിനകം സാന്ത്വന പദ്ധതിയുടെ ആനുകൂല്യത്തിനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. എന്നാൽ 10 വർഷം കഴിഞ്ഞ് പ്രവാസി വീണ്ടും വിദേശത്ത് പോയാൽ പദ്ധതിയിൽ നിന്നുള്ള ആനുകൂല്യത്തിനായി അപേക്ഷിക്കണമെങ്കിൽ കുറഞ്ഞത് 2 വർഷം വിദേശത്ത് പൂർത്തിയാക്കി നാട്ടിൽ തിരികെയെത്തണം. പ്രസ്തുത സാഹചര്യത്തിൽ, പത്ത് വർഷം വിദേശത്ത് ജോലി ചെയ്ത ഒരു പ്രവാസി തിരികെ വന്ന് പത്ത് വർഷം നാട്ടിൽ താമസിച്ച ശേഷം വീണ്ടും വിദേശത്ത് പോയി അവിടെ രണ്ടു വർഷം പൂർത്തിയാക്കുന്നതിന് മുമ്പ് |

| | | | |
|---|---|---|---|
| | | | ജോലിയ്ക്കിടെ മരണപ്പെട്ടാൽ സാന്ത്വന പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതല്ല. |
| (സി) | ഇപ്രകാരം നീണ്ട ഇടവേളക്കു ശേഷം വിദേശത്ത് പോയ വ്യക്തി അവിടെ ജോലിയിൽ ആയിരിക്കെ മരണപ്പെട്ടാൽ വിദേശത്ത് രണ്ടു വർഷക്കാലയളവ് പൂർത്തിയാക്കിയിട്ടില്ല എന്ന കാരണത്താൽ സാന്ത്വനം പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ നിഷേധിക്കുന്ന സാഹചര്യം നിലവിലുണ്ടോ; | (സി) | പത്ത് വർഷം വിദേശത്ത് ജോലി ചെയ്ത ശേഷം നാട്ടിൽ തിരികെയെത്തുന്ന ഒരു പ്രവാസിക്ക് അദ്ദേഹം നാട്ടിലെത്തിയ തീയതി മുതൽ പത്ത് വർഷത്തിനകം സാന്ത്വന പദ്ധതിയുടെ ആനുകൂല്യത്തിനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. എന്നാൽ 10 വർഷം കഴിഞ്ഞ് പ്രവാസി വീണ്ടും വിദേശത്ത് പോയാൽ പദ്ധതിയിൽ നിന്നുള്ള ആനുകൂല്യത്തിനായി അപേക്ഷിക്കണമെങ്കിൽ കുറഞ്ഞത് 2 വർഷം വിദേശത്ത് പൂർത്തിയാക്കി നാട്ടിൽ തിരികെയെത്തണം. പ്രസ്തുത സാഹചര്യത്തിൽ, പത്ത് വർഷം വിദേശത്ത് ജോലി ചെയ്ത ഒരു പ്രവാസി തിരികെ വന്ന് പത്ത് വർഷം നാട്ടിൽ താമസിച്ച ശേഷം വീണ്ടും വിദേശത്ത് പോയി അവിടെ രണ്ടു വർഷം പൂർത്തിയാക്കുന്നതിന് മുമ്പ് ജോലിയ്ക്കിടെ മരണപ്പെട്ടാൽ സാന്ത്വന പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതല്ല. |
| (ഡി) | എങ്കിൽ ഇത്തരം നിബന്ധനകൾ സാമാന്യനീതിക്ക് നിരക്കാത്തതാണെന്ന് കരുതുന്നുണ്ടോ; ഇത്തരം നിബന്ധനകൾ പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | പ്രവാസ ജീവിതം കഴിഞ്ഞ് നാട്ടിൽ തിരികെയെത്തി, ദുരിതമനുഭവിക്കുന്നവരും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുമായ പ്രവാസികളെ സഹായിക്കുന്നതിനായി സംസ്ഥാന സർക്കാർ നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് സാന്ത്വന. പ്രസ്തുത പദ്ധതിയുടെ നിലവിലെ മാനദണ്ഡങ്ങൾ പാലിക്കുന്ന അപേക്ഷകൾ തന്നെ ധാരാളം ലഭ്യമാകുന്ന സാഹചര്യമുണ്ട്. ആയതിനാൽ, സാന്ത്വന പദ്ധതിയുടെ നിബന്ധനകൾ പരിഷ്കരിക്കുന്ന **വിഷയം ഇപ്പോൾ പരിഗണനയിൽ ഇല്ല.** |

സെക്ഷൻ ഓഫീസർ